# പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 691 | 11.07.2016-ൽ മറുപടിയ്ക്ക്

## ടൂറിസം ഹൈവേയുടെ നിർമ്മാണം

**ചോദ്യം**

**ശ്രീ. മോൻസ് ജോസഫ്**
**,, റോഷി അഗസ്റ്റിൻ**

(എ) 13 വർഷത്തിലധികമായി അലൈൻമെന്റ് നിർണ്ണയിച്ച മധുര-കോട്ടയം-ചേർത്തല ടൂറിസം ഹൈവേയുടെ നിർമ്മാണ പ്രവൃത്തികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്ത മാക്കുമോ ;

(ബി) പ്രസ്തുത ഹൈവേയുടെ നിർമ്മാണം നീളുന്നതിന് കാരണം വ്യക്തമാക്കുമോ ;

(സി) വികസന പ്രവർത്തനങ്ങൾക്കുള്ള സ്ഥലമേറ്റെടുപ്പ് ത്വരിത പ്പെടുത്തുമെന്ന മുഖ്യമന്ത്രിയുടെ പ്രസ്താവനയുടെ പരിധിയിൽ പെടുത്തി മധുര-കോട്ടയം-ചേർത്തല ടൂറിസം ഹൈവേ യുടെ നിർമ്മാണ പ്രവൃത്തികൾ ത്വരിതപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ ?

**മറുപടി**

**ശ്രീ.ജി.സുധാകരൻ**
(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി)

(എ) യും (ബി) യും (സി) യും

മധുര-കോട്ടയം-ചേർത്തല ടൂറിസ്റ്റ് ഹൈവേയിൽ ഉൾപ്പെടുന്ന കോടിമത മുതൽ ചേർത്തല വരെയുള്ള സ്ട്രെച്ചിന്റെ പുതുക്കിയ വിശദമായ പദ്ധതി രൂപരേഖ ധനകാര്യ വകുപ്പ് പരിശോധിച്ചുവരുന്നു. കോട്ടയം മുതൽ വെച്ചൂർ വരെയുള്ള 19.514 കി.മീ., പദ്ധതിയുടെ ഒന്നാം ഘട്ടമായി വികസിപ്പിക്കുന്നതിനും, വെച്ചൂർ മുതൽ ചേർത്തല വരെയുള്ള 9.372 കി.മീ., രണ്ടാം ഘട്ടമായി വികസിപ്പിക്കുന്ന തിനുമാണ് വിശദമായ പദ്ധതി രൂപരേഖ ശുപാർശ ചെയ്തിട്ടുള്ളത്.

സെക്ഷൻ ഓഫീസർ